# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. L - JK 8 | 2017 June 19 | No. 8


### സർക്കുലർ - 22

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2017 ജൂലൈ 9-ാം തീയതിയാണ് ഈ വർഷം കേരളസഭ യുവജനദിനം ആചരിക്കുന്നത്. എല്ലാ യുവജനങ്ങൾക്കും യുവജന ശുശ്രൂഷകർക്കും യുവജനദിനത്തിന്റെ ആശംസകൾ നേരുന്നു.

യുവജനങ്ങൾ സഭയുടെ കരുത്തും പ്രതീക്ഷയുമാണ്. അതുകൊണ്ടുതന്നെ യുവജനശുശ്രൂഷ സഭയുടെ സുപ്രധാനമായ ഒരു അജപാലന മേഖലയാണ്. നമ്മുടെ അതിരൂപതയിൽ പ്രവർത്തിക്കുന്ന യൂത്ത് അപ്പോസ്തലേറ്റിന്റേയും, കെ.സി.വൈ.എം., ജീസസ്സ് യൂത്ത്, സി.എൽ.സി. തുടങ്ങിയ യുവജന സംഘടനകളുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങളോട് നിങ്ങൾ കാണിക്കുന്ന തുറന്ന സഹകരണത്തിനും സഹായത്തിനും പ്രത്യേകം എല്ലാവരെയും അഭിനന്ദിക്കുന്നു.

മഹത്തായ ആദർശങ്ങൾ തങ്ങളുടെ ജീവിതത്തിൽ അനുവർത്തിക്കുന്നവരായിരിക്കണം യുവജനങ്ങളെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നമ്മെ ഉത്ബോധിപ്പിക്കുന്നുണ്ട്. കർമ്മധീരരായ യുവജനങ്ങൾ മാതൃകാപരമായ സേവനശുശ്രൂഷകളിലൂടെ സഭയുടെ

പ്രേഷിതദൗത്യം ജനഹൃദയങ്ങളിൽ എത്തിക്കാൻ ബാധ്യസ്ഥരാണ് എന്നുള്ള കാര്യം നിങ്ങളെ ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുന്നു. യുവാവ് എന്ന നിലയിൽ യേശു നല്കിയ മാതൃക നിങ്ങളെ എന്നും വഴിനടത്തട്ടെ എന്നു പ്രാർത്ഥിക്കുന്നു.

യുവജനദിനത്തോടനുബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ ചുവടെ ചേർക്കുന്നു. ഈ സർക്കുലറിന്റെ ഉള്ളടക്കം **2017 ജൂലൈ 9-ാം തീയതി ഞായറാഴ്ച** ദിവ്യബലിമദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്. യുവജനദിനത്തിലെ പ്രത്യേക പിരിവ് താമസിയാതെ അതിരൂപതാകച്ചേരിയിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്,

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്നും 2017 ജൂൺ 19-ാം തീയതി.

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# യുവജനദിനം 2017
## ജൂലൈ 9, ഞായർ
## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയമുള്ള യുവജനങ്ങളേ, സഹോദരീസഹോദരന്മാരേ!

ഒരു യുവജനദിനം കൂടി നാം ആഘോഷിക്കുകയാണ്. ഈ ആചരണം യുവതീ-യുവാക്കളുടെ വിശ്വാസത്തിന്റെ ആഘോഷം തന്നെയാണ്. സ്വാതന്ത്ര്യം അഭിലഷിക്കുന്ന യുവജനം പ്രതീക്ഷകളിൽ നിന്നു യാഥാർത്ഥ്യങ്ങളിലേക്കുള്ള ദീർഘദൂരം ഗതിവേഗതയോടെ താണ്ടുമ്പോൾ അവർക്കു സംഭവിക്കുന്ന സാരമായ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ഇത്തരം യാത്രയ്ക്കിടയിൽ സംഭവിച്ച ചില നഷ്ടങ്ങളുണ്ട്. ഈ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ചില ചിന്തകളാണ് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ 2018 ഒക്ടോബറിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളനത്തിനു വേണ്ടിയുള്ള ഒരുക്കരേഖയിൽ പങ്കുവയ്ക്കുന്നത്.

മൂന്നു തലത്തിലുള്ള നിർദ്ദേശങ്ങളാണ് തയ്യാറെടുപ്പുരേഖയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഒന്നാമതായി യുവജനങ്ങൾ വളരുകയും, അവർ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന ലോകത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ചില സ്വയംചാലകപ്രവർത്തനങ്ങളുടെ സംഗ്രഹം. രണ്ടാമതായി, യുവജനങ്ങൾക്ക് വിശ്വാസത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ സഹായിക്കുന്ന ചില ചുവടുവയ്പുകൾ. അവസാനമായി, യുവജനങ്ങൾക്കുവേണ്ടിയുള്ള അജപാലനപരവും വിളിപരവുമായ പദ്ധതിയുടെ മുഖ്യഘടകങ്ങൾ.

### 1. ആധുനിക ലോകത്തിലെ യുവജനങ്ങൾ

സഭയുടെ യുവത്വം അതിലെ യുവജനങ്ങളാണ്. ക്രിസ്തുവിന്റെ ഹൃദയം സ്വന്തമാക്കിയവർക്കേ ദൈവസ്നേഹത്തിന്റെ യുവജന സാക്ഷികളായി സഭയുടെ യുവത്വം നിലനിർത്താനാകൂ. യുവജനങ്ങൾ

വിശ്വാസതത്പരതയിലും ദൈവസ്നേഹതീക്ഷ്ണതയിലും വളരണം. ധാർമിക സമഗ്രതയുള്ള യുവജനങ്ങൾ സഭയിലും സമൂഹത്തിലും ഉണ്ടാവണം. എന്നാൽ ലോകത്തെ പിടികൂടിയിട്ടുള്ള ആധ്യാത്മികവും, സാംസ്കാരികവും ധാർമികവുമായ ജീർണതയുടെ ആദ്യത്തെ ഇരകൾ ഇന്നത്തെ യുവജനങ്ങളാണ്. ജീവിതത്തെ വളരെ നിസ്സാരമായി കരുതി ജീവിക്കുന്നവരാണ് ഇന്നത്തെ യുവജനങ്ങൾ എന്ന പ്രതീതി ഉണ്ടാകുന്നു. യുവജനങ്ങളുടെ ഇടയിലെ ആത്മീയ നിർജ്ജീവത്വവും മൂല്യശോഷണവും അപകടപൂർണമായി വർധിക്കുന്നു. പണത്തിന്റെ ലഭ്യതയും ആഢംബരജീവിതഭ്രമവും നവമാധ്യമ സ്വാധീനവും ആധുനിക ലോകത്തിലെ യുവജനങ്ങളെ വഴിതെറ്റിക്കുന്നു. തിന്മയി ലേക്ക് ചാഞ്ഞിരിക്കുന്ന ലോകത്തെ നന്മയിലേക്ക് നയിക്കാൻ യുവജനങ്ങൾക്ക് കഴിയണം. അതിനായി യുവജനങ്ങൾ യേശു സ്നേഹത്തിന്റെയും കരുണയുടെയും പ്രയോക്താക്കളായി മാറണം.

## 2. വിശ്വാസവും വിളിയും

ക്രിസ്തീയ ജീവിതം വിശ്വാസത്തിലൂന്നിയ ജീവിതമാണ്. യേശു കണ്ടതുപോലെ കാര്യങ്ങളെ കാണുകയെന്നതാണ് വിശ്വാസം (Lumen Fidei 18). വിളിപരമായ വിവേചിച്ചറിയലിന്റെ ഉറവിടം വിശ്വാസമാണ്. അങ്ങനെ വിശ്വാസവും വിളിയും തമ്മിൽ ഗാഢമായി ബന്ധപ്പെട്ടിരി ക്കുന്നു. അബ്രഹാമിന്റെ ആഴമായ വിശ്വാസത്തിൽനിന്നാണ് അവന് വിളി ലഭിച്ചത്. ആ വിളിയിൽ ശ്രദ്ധേയമായ ഒരു വാഗ്ദാനം നാം കാണണം. "നിന്നെ ഞാൻ അനുഗ്രഹിക്കും... നീ ഒരനുഗ്രഹമായി രിക്കും" (ഉത്പ 12:2-3). യുവജനങ്ങൾ ദൈവത്തിന്റെ അനുഗ്രഹം പ്രാപിച്ച് സമൂഹത്തിന് അനുഗ്രഹമായി മാറണം.

വിശ്വാസം ഭീരുവിനുള്ള അഭയകേന്ദ്രമല്ല. മറിച്ച് ഹൃദയങ്ങളെ ഉദ്ദീപിപ്പിക്കുന്ന ശക്തിയാണ്. വിശ്വാസം എന്നത് വഴിയും സത്യവും ജീവനുമായ (യോഹ 14:6) ദൈവത്തോട് സംവദിക്കുക എന്നതാണ്. അത് ദൈവവചനത്തിന്റെ സന്തോഷം അനുദിനജീവിതത്തിൽ അനുഭവിച്ചുകൊണ്ട് വിശ്വാസബോധ്യത്തിൽ വളരുന്നതാണ്. ഈ സംവാദം നടക്കുന്ന സ്ഥലം മനസ്സാക്ഷിയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ മനസ്സാക്ഷി മനുഷ്യന്റെ ഏറ്റവും

രഹസ്യാത്മകമായ ശ്രീകോവിലാണ്. (Gaudium et Spes-16). ദൈവം വിളിയിലൂടെ നല്കുന്ന സന്തോഷവും ഓരോ വ്യക്തിയും ആഗ്രഹിക്കുന്ന സന്തോഷവും വസ്തുനിഷ്ഠമായ രൂപത്തിൽ മനസ്സിലാക്കാൻ ഓരോ മനുഷ്യനും സാധിക്കുകയില്ല. നമ്മുടെ ജീവിതത്തിന് മഹത്തരമായ ലക്ഷ്യം നല്കുന്ന വിളികളെ നാം തിരിച്ചറിയുന്നത് ചില ഉൾപ്രചോദനത്തിൽ നിന്നുമാണ്. എല്ലാ വിളികളും പൂർണതയിലേക്കുള്ള വിളിയാണ്. "എന്റെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ.5/45) പരിപൂർണ്ണത എന്നു പറയുന്നത് സ്നേഹത്തിന്റെ തികവാണ്. അതായത്, എല്ലാ വിളിയും ദൈവസ്നേഹത്തിലേക്ക് അടുക്കാനുള്ള ക്ഷണമാണ്. ദൈവവും മനുഷ്യനുമായുള്ള സ്നേഹബന്ധം ഒരു വലിയ രഹസ്യമാണ്. ഈ രഹസ്യം ഉൾവിളിയോട് പൂർണമായ വിശ്വസ്തത പുലർത്തി കടലോളം കാരുണ്യമുള്ളവരായി ജീവിക്കാൻ സഹായിക്കുന്നു. രഹസ്യാത്മകത ഉൾക്കൊള്ളുന്ന ഈ സ്നേഹബന്ധമാണ് മദർ തെരേസയെ ലോകത്തിന്റെ അമ്മയും വിശുദ്ധയുമാക്കി മാറ്റിയത്. വിശ്വാസം വിശുദ്ധീകരണത്തിനും വിളി ദൗത്യത്തിനുമാണ്.

യുവജനങ്ങളുടെ ബന്ധങ്ങളും സൗഹൃദങ്ങളും ഓൺലൈൻ ആയിക്കഴിഞ്ഞിരിക്കുന്നു. പരസ്പര സാമീപ്യം ആവശ്യമില്ലാത്ത ഇലക്ട്രോണിക് ബന്ധങ്ങൾ! മറ്റുള്ളവരുടെ ഇഷ്ടങ്ങൾക്കും (Likes) അഭിപ്രായങ്ങൾക്കും (Comments) പ്രാധാന്യം നല്കി സ്വന്തം ജീവിതത്തെ ക്രമീകരിക്കാൻ ബദ്ധപ്പെടുന്ന യുവജനങ്ങളുണ്ട്. സാമൂഹിക മാധ്യമങ്ങൾ തീർക്കുന്ന സ്വപ്നലോകത്ത് അന്യോന്യബന്ധമില്ലാതെ ജീവിക്കാൻ ആഗ്രഹിക്കുന്ന യുവ സുഹൃത്തുക്കൾക്ക് വിശ്വാസത്തെയും വിളിയെയും ഗാഢമായി ബന്ധപ്പെടുത്തി ജീവിക്കാനോ അതിന് പ്രത്യുത്തരം നല്കാനോ പ്രയാസമാണ്, ഇത്തരം യുവജനങ്ങൾ ജീവിതം പാതിവഴിയിൽ വേർപെട്ടവരായി മാറുന്നു. മനുഷ്യൻ ഏറ്റവും മോശമായത് ചെയ്യുവാൻ കഴിവുള്ളനായിരിക്കുമ്പോൾത്തന്നെ നന്മയെ വീണ്ടും തിരഞ്ഞെടുത്തുകൊണ്ടും പുതുതായി തുടങ്ങിക്കൊണ്ടും മാനസികവും സാമൂഹികവുമായ അവരുടെ വ്യവസ്ഥിതികൾക്കെതിരായി അവയ്ക്ക് അതീതമായി ഉയരാൻ കഴിവുള്ളവരാണ് (ലാവുദാത്തൊസി, 205)

## 3. വിവേചിച്ചറിയൽ എന്ന ദാനം

ഒരു വ്യക്തി ദൈവത്തോട് സംവദിച്ചുകൊണ്ടും പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിച്ചുകൊണ്ടും ഒരുവന്റെ ജീവിതാവസ്ഥയെക്കുറിച്ചുള്ള തിരഞ്ഞെടുപ്പിൽ തുടങ്ങി, അടിസ്ഥാനപരമായ തെരഞ്ഞെടുപ്പുകൾ നടത്തുന്ന പ്രകിയയാണത്. അനിശ്ചിത സാഹചര്യങ്ങളിലും ആന്തരികശക്തികളുടെ സംഘർഷങ്ങളുടെ മുമ്പിലും തീരുമാനങ്ങളെടുക്കുകയും പ്രവൃത്തികളെ നയിക്കുകയും ചെയ്യുന്നിടത്താണ് വിവേചിച്ചറിയൽ പ്രക്രിയ നടക്കുന്നത്. വിവേചിച്ചറിയൽ എന്ന ശ്രേഷ്ഠമായ പ്രയോഗം സഭയുടെ പാരമ്പര്യത്തിലുള്ളതാണ്. നല്ലതിനെ മോശമായതിൽ നിന്ന് തിരിച്ചറിയുക, പ്രലോഭനങ്ങളെ തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുക എന്നിവയെല്ലാം വിവേചിച്ചറിയലിലെ വ്യത്യസ്ത രൂപങ്ങളാണ്. സുവിശേഷത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിവേചിച്ചറിയൽ വിവരിക്കാൻ മൂന്നു വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. അവ തിരിച്ചറിയുക, വ്യാഖ്യാനിക്കുക, തിരഞ്ഞെടുക്കുക എന്നിവയാണ്.

യുവജനങ്ങളെ സ്വയം കണ്ടെത്താൻ സഹായിക്കണം. അതിന് അവരെ മനസ്സിലാക്കണം. അവരുടെ വൈകാരിക പ്രത്യേകതകൾ തിരിച്ചറിയണം. ദൈവത്തോട് അടുത്തുനിൽക്കുന്ന യുവജനങ്ങളിൽ ദൈവീക കൃപ പ്രകടമാകും. അവർക്കേ ദൈവത്തെപ്പോലെ മറ്റുള്ളവരെ ആകർഷിക്കാനാകൂ. മോശയെപ്പോലെ ദൈവത്തിന്റെ മുഖത്ത് നോക്കിക്കൊണ്ട് യാത്രചെയ്യാനും യോഹന്നാൻ ശ്ലീഹായെപ്പോലെ യേശുവിന്റെ മാറിൽ ചാരിക്കിടക്കാനും മഹാപുരോഹിതനായ യേശുവിനെപ്പോലെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാനും തയ്യാറാകുന്നവർക്കു മാത്രമേ വിവേചിച്ചറിയൽ എന്ന ദാനം പൂർണമായി നേടാൻ പറ്റൂ. "ദൈവത്തെ കൂടാതെയുള്ള ധാർമ്മികതയ്ക്കു നിലനില്പില്ല" (ഫുൾട്ടൻ ജെ ഷീൻ). "ധാർമ്മികതയ്ക്ക് നിലനിൽപ്പുണ്ടാകണമെങ്കിൽ ഒരു അടിത്തറ വേണം; നന്മ തിന്മകളെ വിലയിരുത്തുന്ന ഒരു ദൈവം" (ഇമ്മാനുവേൽ കാന്റ്). സമൂഹത്തിലെ ജീർണതകളിൽ അസ്വസ്ഥരാകുന്ന ഇന്നത്തെ യുവജനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്ന മൂന്നു കാര്യങ്ങളാണ് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ നമ്മെ ഓർമപ്പെടുത്തുന്നത്. വിശ്വാസവും വിളിയും വിവേചിച്ചറിയലുമാണവ.

**ഉപസംഹാരം**

2018 ഒക്ടോബറിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളന ത്തിനുവേണ്ടിയുള്ള ഒരുക്കരേഖ ഇതിനോടകം എല്ലാ രൂപതകളിലും ലഭ്യമാക്കിയിട്ടുണ്ട്. ഈ ഒരുക്ക രേഖയിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും കേരളത്തിലെ 31 രൂപത കളിലെയും യൂത്ത് കമ്മീഷന്റെ നേതൃത്വത്തിലും കെ.സി.വൈ.എം.ന്റെ ആഭിമുഖ്യത്തിലും, ഇതര യുവജന പ്രസ്ഥാനങ്ങളുടെ കൂട്ടായ്മയിലും പഠനവിധേയമാക്കണമെന്ന് താത്പര്യപ്പെടുന്നു. ഈ പഠനത്തിന്റെ വെളിച്ചത്തിൽ കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ ഒരു യുവജന മാർഗരേഖ തയ്യാറാക്കാൻ ആഗ്രഹിക്കുന്നു. പ്രസ്തുത മാർഗരേഖയ്ക്ക് ആവശ്യമുള്ള കാര്യങ്ങൾ കെ.സി.ബി.സി യുവജന കാര്യാലയത്തിൽ കഴിവതും വേഗം നല്ണമെന്ന് ഓർമിപ്പിക്കുന്നു. കേരളത്തിലെ യുവജനപ്രവർത്തനങ്ങൾക്ക് വ്യക്തിഗതമായും സഭാതലത്തിലും സംസ്ഥാനതലത്തിലും ത്യാഗോജ്ജ്വലമായി പ്രവർ ത്തിക്കുന്ന ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സ് ആയി ശുശ്രൂഷ ചെയ്യുന്ന സന്ന്യാസിനിമാരെയും എല്ലാ യുവജനപ്രവർത്തകരെയും വിശ്വാസികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനപൂർവം,

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

## CIRCULAR - 23

# കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ 6–ാം ചരമവാർഷികം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

വരാപ്പുഴ അതിരൂപതയുടെ മൂന്നാമത്തെ ഏതദ്ദേശീയ മെത്രാപ്പോലീത്ത ആയിരുന്ന അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ് ദിവംഗതനായിട്ട് 2017 ആഗസ്റ്റ് 7–ാം തീയതി ആറുവർഷം തികയുകയാണ്. പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് **ആഗസ്റ്റ് 7–ാം തീയതി തിങ്കളാഴ്ച വൈകിട്ട് 5.30 ന്** നമ്മുടെ സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ദേവാലയത്തിൽവച്ച് പരേതസ്മരണ ദിവ്യബലി, ഒപ്പീസ് മുതലായ തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും പ്രസ്തുത തിരുകർമങ്ങളിൽ പങ്കുചേർന്ന് പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എറണാകുളം
19.06.2017

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## NOTIFICATION

## TRANSFERS & APPOINTMENTS

1. **Rev. Fr. Aloysius Thaiparambil**
   Parish Priest, Mount Carmel Church
   Chathiath, Cochin - 682 012.
   & Director Family Apostolate

2. **Rev. Fr. Anton Oliparambil**
   Parish Priest,
   St. Joseph the Worker Church
   Ambalamugal-682302

3. **Rev. Fr. Antony Arackal (Jr.)**
   Parish Priest, St. Sebastian's Church
   Kadavanthra, Cochin - 682 020.
   & Director, BCC & Managing Editor, Jeevadeepthi

4. **Rev. Fr. Antony Bibu Kadamparambil**
   Associate Director, Navasdarsan
   I.S. Press Road Cochin. 682018
   & Parish Priest, Sacred Heart Church
   Edappally North, AIMS P.O., Cochin - 682 041.

5. **Rev.Fr. Antony Hashbin Kadamparambil**
   Asst. Parish Priest
   Our Lady of Immaculate Conception Church
   Koratty - 680 309.

6. **Rev. Fr. Antony Jibin Kaimaleth**
   Asst. Parish Priest
   Our Lady of Perpetual Help Church
   Valappu, Ochanthuruth - 682 508.

7. **Fr. Antony John Puliparambil**
   Australia

8. **Rev. Fr. Antony Koppandussery**
Parish Priest, Amalolbhava Matha Church
(Our Lady of Immaculate Conception) Amalanagar,
Valluvally - 683 518.

9. **Rev. Fr. Antony Lijo Odathakal**
Asst. Parish Priest
St. Philomena Church & St.Kuriakose Elias Chavara Shrine
Koonammavu - 683 518

10. **Rev. Fr. Antony Mulloor**
Priest in Charge
St. Jude's Church, Kureekad, Cochin- 682 307

11. **Rev. Fr. Antony Shine Kattuparambil**
Asst. Parish Priest
Our Lady of Immaculate Heart of Mary Church
Nettoor, Cochin-682 040

12. **Rev. Fr. Antony Thomas Thyparambil**
Asst. Parish Priest
St. Jude Thaddeus Church
Ettekar, Edathala - 683 564.

13. **Rev. Fr. Antony Valungal**
Spiritual Director
St. Joseph Pontifical Seminary
Carmelgiri, PB No. 604, Aluva, Pin 683 102.
& Priest in Charge
St. Jude's Church, Parappuram, Kanjoor

14. **Rev. Fr. Augustine Laiju Kandanattuthara**
Studies , Bangalore

15. **Rev. Fr. Augustine Roshan Kalloor**
Asst. Parish Priest, Little Flower Church,
Pottakuzhy, N. Kaloor - 682 017

16. **Rev. Fr. Augustine Shelbin Variath**
Parish Priest, Christ the King Church
Christ Nagar, Varapuzha - 683 517.

17. **Rev. Fr. Benson George Alappatt**
Asst. Parish Priest
St. James Church, Cheranellur 682 034

18. **Rev. Fr. Bevin Thomas Kalloor**
Asst. Parish Priest, St. Antony's Church
Vaduthala, Cochin - 682 023.

19. **Rev. Fr. Bijoy Augustine Marottickal**
Director, Vianny Home Initiation Centre
Cochin university PO, Kalamassery 682 022

20. **Rev. Fr. Binil Sebastian Palliparambil**
Priest in Charge, Queen of Rosary Church
Elamkunnapuzha
& Chief Editor, Jeevadeepthi

21. **Rev. Fr. Clement Valluvassery**
Formator and Teacher (Professor)
St. Joseph Pontifical Seminary Carmelgiri,
PB No. 604 Aluva, Pin 683 102
& Priest in Charge
St. Francis Assisi Church, Chowara

22. **Very Rev. Msgr. Cletus Parambaloth**
Avilabhavan
Chembumukku, Kakkanad, Cochin - 682 021.

23. **Rev. Fr. Datson D'auravu Maliakal**
Asst. Parish Priest
Mount Carmel Church, Chathiath, Cochin - 682 012.

24. **Rev. Fr. Denny Mathew Peringat**
Manager, AISAT &
Director, Navadarsan
I.S. Press Road Cochin. 682018

25. **Rev. Fr. Fostin Fernandez Janmaparambil**
Asst. Parish Priest
Cruz Milagris Church, Kurisinkal,
Ochanthuruth - 682 508.

26. **Very Rev. Fr. Francis Koikaranparambil**
Vicar Forane Dist II & Parish Priest
St. Sebastian's Church,
Edayakkunnam S.Chittoor,
Cheranelloor P.O- 682 027.

27. **Rev. Fr. George Jobin Ourev**
Asst. Parish Priest, St. Joseph's Church
Vadakkekottavathil, Tripunithura - 682 301.

28. **Rev. Fr. George Kalathiparambil**
Parish Priest, St. George's Church
Karthedom, Malipuram P.O- 682 511.

29. **Rev. Fr. George Kuruppath**
Parish Priest,
Church of Our Lady of Rosary
Murikumpadam, Azheekal P.O. - 682 510.

30. **Rev. Fr. George Thoundayil**
Director, Aswas Counselling Centre
& Parish Priest, St. Sebastian's Church,
Shanthinagar, Chalikkavattom,
Vennala P.O. Cochin-682028.

31. **Rev. Fr. James Joseph Shaiju Thoppil**
Director, Lourdes Hospital
Pachalam, Cochin - 682 012.

32. **Rev. Fr. Jenin Antony Marottiparambil**
Asst. Priest, St. Jude Thaddeus Church
Kidangoor, Yoodhapuram - 683591

33. **Rev.Fr. Jenson Livera Ithithara**
Priest in Charge, St. George's Church
Manamthadam, Puthencruz- 682308

34. **Rev. Fr. Jibin George Mathirappilly**
Priest in Charge, Divine Mercy Church
Thabor

35. **Rev. Fr. Jiju Cleetus Thiyadi**
Parish Priest, St. Antony's Church
Nedumbassery, Athany, Cochin – 683585.

36. **Rev.Fr. Joby Alappatt**
Asst. Parish Priest
St. Raphael's Church, Thykoodom
Cochin - 682 019.

37. **Rev. Fr. John Capistan Lopez**
Parish Priest
St. George's Church, Eroor - 682 306.

38. **Rev. Fr. John Christopher Vadassery**
Asst. Manager, AISAT
Archbishop Angel Mary Nagar
Cochin University P. O., Kochi – 6820 22
& Priest in Charge
Christ the King Church, Eloor North

39. **Rev. Fr. Joji Kuthukatt**
Parish Priest
St. Joseph's Church, Thevara, Cochin - 682 013.

40. **Rev. Fr. Jolly George Chakkalackal**
Parish Priest, Little Flower Church
Panayikulam - 683 511

41. **Rev. Fr. Jolly John Odathackal**
Asst. Parish Priest
St. Francis Xavier's Church, Ponel, Cochin - 682 041

42. **Rev. Fr. Jose Dominic Chooreparambil**
Asst. Parish Priest
Our Lady of Mercy Church
Ponnarimangalam, Cochin - 682 504.

43. **Rev. Fr. Jose Thannipilly**
Parish Priest, St. Antony's Church
Eloor - 683 501.

44. **Rev. Fr. Josemon George Pazhanilath**
Asst. Parish Priest, St. Anne's Church,
Thottakattukara, Alwaye - 683 108.

45. **Rev. Fr. Joseph Binu Pandaraparambil,**
Avilabhavan, Chembumukku,
Kakkanad, Cochin - 682 021.

46. **Rev. Fr. Joseph Chelat**
Parish Priest, St. Mary Magdalene's Church
Moothedom, Maradu - 682 304

47. **Rev. Fr. Joseph Joy Mathirappilly**
Avilabhavan, Chembumukku, Kakkanad
Cochin - 682 021.

48. **Very Rev. Fr. Joseph Oliparambil (Jr.)**
Rector, St. Joseph's Minor Seminary
University P.O., Kalamassery - 682 022.

49. **Rev. Fr. Joseph Sherin Chemmayath**
Asst. Manager,
St. Albert's College Cochin - 632 018.
& Coordinator of KRLCC Civil Service Grooming Project

50. **Rev. Fr. Lazer Sinto Thaiparambil**
Asst. Parish Priest, St. Michael's Church
Chembumukku, Kakkanad, Thrikkakara P.O.
Cochin - 682 021.

51. **Rev. Fr. Lijo George Thachuthara**
Asst. Parish Priest, Holy Family Church,
S. Chittoor, Cochin - 682 027.

52. **Rev. Fr. Manoj Francis Marottickal**
Asst. Parish Priest,
National Shrine Basilica of Our Lady of Ransom
Vallarpadom, Cochin - 682 504

53. **Rev. Fr. Manuel Kuthukatt**
Asst. Parish Priest
Sacred Heart of Jesus Church , Kothad - 682 027.

54. **Rev. Fr. Manuel Lopez**
Parish Priest, St. Sebastian's Church
Perumalpady, Elamkunnappuzha - 682 505.

55. **Rev. Fr. Marydas Kochery**
Administrator,
Kristu Jayanthi Hospital, Perumpilly
& Asst. Director, Lourdes Hospital
Pachalam, Cochin - 682 012.

56. **Rev. Fr. Mathew Jomson Thottunkal**
Asst. Parish Priest, St. George's Church
Perumanoor, Cochin - 682 016.

57. **Rev. Fr. Merton D'Silva Malieckal**
Asst. Parish Priest, St. Ambrose Church
Edavanakad - 682 502.

58. **Rev. Fr. Midhun Joseph Chemmayath**
Asst. Parish Priest,
St. Francis Xavier's Church, Kaloor, Cochin - 682 017.

59. **Rev. Fr. Navin Thengapurackal**
Asst. Director, Lourdes Hospital
Pachalam, Cochin - 682 012.

60. **Rev. Fr. Norbin Pazhampilly**
Parish Priest, Sacred Heart Church
Manattuparambu, Nayarambalam - 682 509.

61. **Rev. Fr. Paul Nidhin Kuttissery**
Asst. Parish Priest
St. Francis Xavier's Church, Kaloor, Cochin - 682 017.

62. **Very Rev. Fr. Paul Thundiyil**
Vicar Forane of Dist. IV & Parish Priest
St. Antony's Church, Panangad, Cochin - 682 506.

63. **Very Rev. Fr. Paulson Kottiyath**
Vicar Forane of Dist VI & Parish Priest
St. Anne's Church, Thottakattukara - 683 108.

64. **Rev. Fr. Prasad Jose Kanapilly**
Parish Priest, Our Lady of Perpetual Help Church
Cheranellur - 682 034.

65. **Rev. Fr. Prince Xavier Kannothuparambil**
Studies, Hyderabad

66. **Rev. Fr. Rajeev Jose Kainikat**
Priest in Residence,
Holy Cross Church, Nettoor, Cochin-682 040

67. **Rev. Fr. Raphael Kalluveettil**
Asst. Parish Priest,
St. John the Baptist Church
Palarivattom, Cochin - 682 025

68. **Rev. Fr. Rex Joseph Arakkaparambil**
Asst. Parish Priest
St. Mary Magdalene's Church
Moothedom, Maradu - 682 304

69. **Rev. Fr. Rinoy Joy Kalathiparambil**
Asst. Parish Priest
St. Francis Assisi Cathedral Ernakulam,
Cochin - 682 031

70. **Rev. Fr. Robinson Panackal**
Parish Priest, St. Francis Xavier's Church
Pizhala, Cochin - 682 027.

71. **Rev. Fr. Sabu Nedunilath**
Parish Priest, St. George's Church
Perumanoor, Cochin - 682 016.

72. **Rev. Fr. Saju Antony Mundempilly**
Asst. Parish Priest, St. George's Church
Karthedom, Malipuram P.O- 682 511.

73. **Rev. Fr. Sebastian Oliparambil**
Parish Priest, Lourdu Matha Church
Elamakkara-682 026

74. **Rev. Fr. Sebastian Sony Kalathil**
Asst. Parish Priest, St. Joseph's Church
Thevara, Cochin - 682 013.

75. **Rev. Fr. Shine Pauly Kalathil**
Administrator,
Assisi Vidyaniketan Public School,
Perumpilly - 682 505.
& Special Service, Christ the King Church,
Puthuvaippu South

76. **Rev. Fr. Shinoj Raphael Aranchery**
Asst. Parish Priest
National Shrine Basilica of Our Lady of Ransom ,
Vallarpadom, Cochin - 682 504

77. **Rev. Fr. Sibi Varghese Thaiparambil**
Asst. Parish Priest,
Holy Family Church, Perumpilly,
Narakkal P.O.- 682 505.

78. **Rev. Fr. Smijo George Kalathiparambil**
Asst. Parish Priest, Mount Carmel Church
Chathiath, Cochin - 682 012.

79. **Rev. Fr. Stanley Mathirappilly**
Director, C. A.C., Cochin - 682 018.
& Coordinator for General Ministries and Commissions

80. **Rev. Fr. Thomas Shobin Kuttikatt**
Asst. Parish Priest, St. George's Church
Vadel, Nayarambalam P.O.- 682 509

81. **Rev. Fr. Tijo Thomas Kolothumveettil**
Asst. Parish Priest
St. John the Baptist Church
Palarivattom, Cochin - 682 025

82. **Rev. Fr. Varghese Sojan Thoppil**
Priest in Charge, St. Joseph's Church
Kadapuram, Malipuram

83. **Rev. Fr. Vincent Variath**
Priest in Charge
Sacred Heart Church, Kristunagar,
NAD, Aluva – 683563.

84. **Rev. Fr. Xavier Padiyaramparambil**
Priest in Charge
Lourde Matha Church, Thevakkal,
Cochin - 682 021

85. **Rev. Fr. Zacharias Pavanathara**
Parish Priest, St. Pius X Church,
Kalamassery - 683 104.

86. **Rev. Fr. Varghese Kanichukatt OCD**
Parish Priest
Immaculate Conception Church
Manjummel - 683 501.

87. **Rev. Fr. Yesudas Thottungal OCD**
Parish Priest,
Mount Carmel & St. Joseph's Church
Varappuzha - 683 517.

88. **Rev. Fr. Joseph Rexon Panketh, OSJ**
Asst. Parish Priest
St. Francis Xavier's Church
Manjanakad, Narackal P.O. - 682 505.

89. **Rev. Fr. Praveen D' Cunja, OCD**
Asst. Parish Priest
Immaculate Conception Church
Manjummel - 683 501.

90. **Rev. Fr. Yesudas Thyparambil, OCD**
Asst. Parish Priest
Mount Carmel & St. Joseph's Church
Varappuzha - 683 517.

19 June 2017 Chancellor

## FORANE DIRECTORS
## FOR THE DIRECTORATE OF FAMILY UNITS

**IV$^{th}$ Forane District**

Rev. Fr. Vincent Naduvilaparambil
Parish Priest,
St. Thomas Church
Thomaspuram, Maradu - 682 304.

**VI$^{th}$ Forane District**

Rev. Fr. Jiju Cleetus Thiyadi
Parish Priest, St. Antony's Church
Nedumbassery, Athany, Cochin – 683585.

**VIII$^{th}$ Forane District**

Rev. Fr. George Kuruppath
Parish Priest,
Church of Our Lady of Rosary
Murikumpadam, Azheekal P.O. - 682 510.

## FORANE DIRECTORS OF
## COMMISSION FOR CATECHETICS

**I$^{st}$ Forane District**

Rev. Fr. Jose Dominic Chooreparambil
Asst. Parish Priest
Our Lady of Mercy Church
Ponnarimangalam, Cochin - 682 504.

**II$^{nd}$ Forane District**

Rev. Fr. Benson George Alappatt
Asst. Parish Priest, St. James Church
Cheranellur - 682 034

**III$^{rd}$ Forane District**

Rev. Fr. Sijo George Kurisummootil
Priest in Charge
St. Sebastian's Church, Gandhinagar
Kaloor, Cochin - 682 017.

**IV$^{th}$ Forane District**

Rev. Fr. Rex Joseph Arakkaparambil
Asst. Parish Priest
St. Mary Magdalene's Church
Moothedom, Maradu - 682 304

**V$^{th}$ Forane District**

Rev. Fr. Joseph Rajan Kizhavana
Parish Priest, St. Jude Thaddeus Church
Unichira, Cochin - 682 033.

**VI$^{th}$ Forane District**

Rev. Fr. Jenin Antony Marottiparambil
Asst. Priest
St. Jude Thaddeus Church
Kidangoor, Yoodhapuram - 683591

**VII$^{th}$ Forane District**

Rev. Fr. Jolly George Chakkalackal
Parish Priest, Little Flower Church
Panayikulam - 683 511

**VIII$^{th}$ Forane District**

Rev. Fr. Fostin Fernandez Janmaparambil
Asst. Parish Priest, Cruz Milagris Church
Kurisinkal, Ochanthuruth - 682 508.

19 June 2017 **Chancellor**

## സർക്കുലർ - 23

# ദെക്രേത്തും

ദേവാല തിരുക്കർമ്മങ്ങൾക്കുള്ള പുതുക്കിയ നിരക്കുകൾ രേഖപ്പെടുത്തിയിട്ടുള്ള 'ദെക്രേത്തും' വലുപ്പത്തിൽ ലാമിനേറ്റ് ചെയ്ത് തയ്യാറാക്കിയിട്ടുണ്ട്. ഇത് അതിരൂപതാ കച്ചേരിയിൽ നിന്നും ലഭിക്കുന്നതാണ്.

എറണാകുളം
19.06.2017

***ചാൻസലർ***
വരാപ്പുഴ അതിരൂപത

Printed and Published by Fr. Ebigin Arackal
Vimala Social Service Centre, Kakkanad, Kochi - 21